Talented Bankers Literary Panel
പുസ്തക പരിചയം 205

പുസ്തകം പരിചയപ്പെടുത്തുന്നത്,
ബി നന്ദകുമാർ,
ഫെഡറൽ ബാങ്ക്.

മലയാളത്തിന്റെ സുവർണ്ണ കഥകൾ,
മുണ്ടൂർ കൃഷ്ണൻ കുട്ടി.

മുണ്ടൂർ കൃഷ്ണൻ കുട്ടി- അമർഷത്തിൻ്റെ, അനുതാപത്തിൻ്റെ, പീഡകളുടെ വേറിട്ട വാക്കുകൾ.

ഇന്നലെ ഞാനുറങ്ങിയില്ല, അത് വലിയ സംഭവമൊന്നുമല്ലെന്നറിയാം. പലപ്പോഴായി ഉറക്കം കെടുത്തിയ കഥാകാരൻ - മുണ്ടൂർ കൃഷ്ണൻ കുട്ടി ! തന്നെയാണ് ഇന്നലെയും എൻ്റെ ഉറക്കം ഇല്ലാതാക്കിയത് !

'മലയാളത്തിൻ്റെ സുവർണ്ണകഥകൾ' എന്ന സീരിയൽ കഥാപുസ്തകങ്ങളുടെ നിരയിൽ ഗ്രീൻ ബുക്ക്സ് 2007ൽ ഇറക്കിയ കഥാ സമാഹാരത്തിൽ 33 കഥകളാണുള്ളത്.

ഓരോ കഥകളും ഒന്നിനു പുറകെ മറ്റൊന്നായി മനസ്സിനെ മഥിക്കുന്നവ- മുണ്ടൂർ കൃഷ്ണൻ കുട്ടിയുടെ തന്നെ വാക്കുകളിൽ 'പകലുറക്കത്തിൻ്റെ മുഖത്ത് വന്നിരിക്കുന്ന ഈച്ചകൾ'.
കഥകൾ ഒന്നിനൊന്നു വായിക്കും തോറും വായന കഥകളിൽ ഒതുങ്ങാതാവുന്നു. മുഖവുരയിൽ മുണ്ടൂർ സേതുമാധവൻ പറഞ്ഞതുപോലെ മുണ്ടൂർ കൃഷ്ണൻ കുട്ടിയുടെ കഥകൾ എഴുതാത്ത കഥകളിലേക്ക് ഒരാമുഖം മാത്രം.

ഒട്ടുമിക്ക കഥകളും പറഞ്ഞു മുഴുമിക്കാത്തവ, മനസ്സിൽ ചപ്പിലകളുടെ കല പില ശബ്ദങ്ങൾ ഉയർത്തുന്നവ.
'മൂന്നാമതൊരാൾ' എന്ന കഥ - കൃഷ്ണൻ കുട്ടിയുടെ കഥാമുദ്ര പതിഞ്ഞ കഥ - ലോക കഥാസാഹിത്യത്തിലെ മികച്ച പത്തുകഥകളിൽ ഒരെണ്ണമെന്ന് പ്രശസ്ത കഥാകൃത്ത് ശ്രീ.ടി.പത്മനാഭൻ തന്നെ പ്രസ്താവിക്കുകയുണ്ടായി. അനക്കങ്ങൾ കൊണ്ട് മനസ്സിൽ കോറലുകൾ നിവർത്തിയിടുന്ന കഥയാണ് 'മൂന്നാമതൊരാൾ'. കൃഷ്ണൻകുട്ടിയുടെ വ്യക്തിപര ജീവിതവുമായി ഈ കഥയ്ക്ക് ഏറെ ബന്ധമുണ്ട്. തറവാട്ടിലേയ്ക്ക് വൈകി യാത്ര ചെയ്യുന്ന മാഷ്, കൂടെ മകൻ ഉണ്ണി, ആലിൻ ചുവട്ടിൽ ബസ്സിറങ്ങി, അന്തി കരുവാളിച്ച് നിറഞ്ഞ ഇരുട്ട് വീണു കിടക്കുന്ന വഴിയിലൂടെ കാല് എരടിപ്പൊട്ടാതെ നടക്കുമ്പോൾ കൂടെ മൂന്നാമതൊരാൾ കൂടിയുണ്ടെന്ന് മാഷ് അറിയുന്നു. മകന് തിരിച്ചു പോകുമ്പോൾ തൃശൂർന്ന് തോക്ക് വാങ്ങണം. അപ്പോൾ പഴയ രണ്ടു വർഷം മുമ്പത്തെ തിരിച്ചു

പോക്കിൻ്റെ ഓർമ്മ വേട്ടയാടുകയാണ്. ഇന്ന് കൂടെയില്ലാത്ത ഭാര്യ പറഞ്ഞിരുന്ന വാക്കുകൾ - 'അവന് എന്താച്ചാൽ വാങ്ങിക്കൊടുക്കൂ, എന്തിനാത്ര ധൃതി?'
നഷ്ടമായ ദാമ്പത്യം, നഷ്ടമായ ഹൃദയതുടിപ്പുകൾ, ' നിക്ക് സുഖാവില്ലെ, ഏട്ടാ ' എന്ന ആവർത്തിച്ചുള്ള ചിന്തകൾക്കിടയിൽ ജീവിതം എന്ന പൊള്ളുന്ന പ്രതിഭാസം വായനക്കാരനെ വന്ന് തൊടുന്നു. വായനക്കാരൻ്റെ മനസ്സ് പൊള്ളുന്നു.

'സമാധിക്കുഴി, യെന്ന കഥ ലോകപ്രശസ്തങ്ങളായ ഏതു കഥകളോടും കിടപിടിക്കാൻ കെൽപ്പുള്ള കഥയാണെന്ന് ഞാനെഴുതും. ഇടവിടാതെയുള്ള നാമജപം കൊണ്ട് ജീവിതത്തിൻ്റെ അർത്ഥം തിരയുന്ന രാമപിഷാരടിയാണ് കഥയിലെ നായക കഥാപാത്രം. ഷാരത്തെ തൊടിയുടെ പടിഞ്ഞാറെ സ്ഥലം വിൽക്കുന്നുവോ എന്ന് അന്വേഷിച്ച് വന്നവർക്ക് പിഷാരടി പറഞ്ഞുകൊടുക്കുന്നത് തൊടിയിൽ പൂർവ്വികരെ സമാധിയിരുത്തിയ കുഴികളെ പറ്റിയാണ്. ഒടുവിൽ പിഷാരടിയുടെ വാക്കുകൾ കൈക്കൊള്ളാതെ തൊട്ടപ്പുറത്തെ വീടും വളപ്പും വാങ്ങി റെഡിമെയ്ഡ് ഉടുപ്പ് നിർമ്മാണവും മറ്റു കച്ചവടവും തുടങ്ങിയെന്നറിഞ്ഞപ്പോൾ വാരസിയാർ ചോദിക്കുന്നു, ' നമുക്കവിടം വരെയൊന്നു പോയാലൊ, അയൽപക്കക്കാരായില്ലെ, അവർ ' - എന്ന്. 'പോണം ന്നുള്ളോർക്ക് പോകാം ' എന്നാണ് രാമ പിഷാരടിയുടെ പ്രതികരണം. കാപ്പിയിൽ പാലും പഞ്ചസാരയും ഊണിന് പപ്പടവും കാണുമ്പോഴാണ് പിഷാരടി, തൻ്റെ അവിവാഹിതകളായ രണ്ടു മക്കളും അവിടെ സ്ഥിരം സന്ദർശകരാണെന്ന് അറിയുന്നത്. അപ്പോഴും പിഷാരടിയുടെ പ്രാർത്ഥന ഒന്നു മാത്രം -' ദൈവമെ, എന്നെ നീതികെട്ടോനും ദുഷ്ടനുമായി കാണരുതെ!'

' മുഴുമിക്കാത്ത മറുപടി'യിലാണ് കൃഷ്ണൻ കുട്ടിയെ 'പകലുറക്കത്തിൻ്റെ മുഖത്തു വന്നിരിക്കുന്ന ഈച്ച' യെപ്പോലെ ഒരു കത്ത് അലോസരപ്പെടുത്തുന്നത്. 'മുണ്ടൂർ രാവുണ്ണി ' യെന്ന നക്സ് ലെറ്റ് നേതാവുമായുള്ള സൗഹൃദവും അടുപ്പവുമാണ് കഥയിൽ. കൃഷ്ണൻകുട്ടിയുടെ തന്നെ ഭാഷയിൽ പാപം തീണ്ടാത്ത മനസ്സിനുടമയായ രാവുണ്ണി ഞങ്ങളുടെ സ്കൂൾ കാലത്ത് നക്സലിസം കൊടി കൊണ്ടിരുന്ന കാലത്തെ ഹീറോ ആയിരുന്നു. ഇടയ്ക്ക് 'രണ്ടേ രണ്ടു ദിവസം ഇവിടെ നിൽക്കട്ടെ' എന്ന അപേക്ഷയുമായി വാതിൽ മുറ്റത്ത് രാവുണ്ണി. ഇടയ്ക്ക് പരോളിൽ വന്ന സമയത്ത് കാണാൻ പറ്റാത്തതിലുള്ള വിഷമം അറിയിച്ചു കൊണ്ടെഴുതിയ കത്തിന് വിശദമായി മറുപടി എഴുതി തയ്യാറാക്കിയെങ്കിലും ഇടയ്ക്ക് മുറിയിൽ കയറി വന്ന ബന്ധുവിൻ്റെ നിർദ്ദേശമനുസരിച്ച് ആ കത്ത് പോസ്റ്റ് ചെയ്യാതെ കീറികളയുന്നു. കോങ്ങാട് നക്സൽസംഭവവും പിന്നിടുണ്ടായ പോലിസ് വേട്ടയുമൊക്കെ മാഷിൻ്റെ മനസ്സിലെ മുരളുന്ന ഈച്ചകളായി മാറി.

' താവളം തൊട്ട് താവളം വരെ ' മുമ്പൊരിക്കൽ മാതൃഭൂമിയിൽ

വായിക്കാനിടയായപ്പോൾ തോന്നിയിരുന്നു, ഒരു നോവലാണല്ലോ മാഷ് ഒരു കഥയായി കുറുക്കി എഴുതി വെച്ചിരിക്കുന്നത് എന്ന്. 'മയിൽ സാമി'യുടെ ഇരുണ്ട ജീവിതമാണ് വേദാന്തം പറയുന്നത്. ഗോപാലപുരത്തു ചെന്ന് കന്നുകാലികളെ വാങ്ങി കൊഴിഞ്ഞാമ്പാറയിലൂടെ, പറളിയിലൂടെ ആട്ടിതെളിച്ച് കൊച്ചിയിലെ അറവുശാലയിലെത്തിച്ച് ജീവിതതാളം കണ്ടെത്തുന്നവനാണ് മയിൽസാമി. അങ്ങനെ നടക്കുന്നതിനിടയിൽ ഒരു കയറിൽ രണ്ടു കാളകളെ കെട്ടിയ രീതിയിൽ നിന്ന് കെട്ടുകൾ വേർപെടുത്തി, 'ഇഷ്ടം പോലെ എന്ന വേണേ പണ്ണുങ്കോ ' എന്നു പറഞ്ഞ് മയിൽസാമി അവരെ സ്വതന്ത്രരാക്കുന്നുണ്ട്. അപ്പോഴാണ് ടാക്സിയിൽ നവവധുവരന്മാരോടൊത്ത് യാത്ര ചെയ്തിരുന്ന അപ്പുക്കുട്ടൻ ആ വലിയ അപകടത്തിന് സാക്ഷിയാവുന്നത്, ഓടിച്ചിരുന്ന ഡ്രൈവറെയും വധു വരന്മാരെയും പറഞ്ഞയച്ച് വധുവിൻ്റെ വീട്ടിലെ ആശ്രിതനായ അപ്പുക്കുട്ടൻ മറ്റൊരു മയിൽ സാമിയായി രൂപാന്തരം പ്രാപിക്കുന്നത്. മയിൽസാമിയുടെ അവസാനത്തെ അനക്കവും തീർന്നപ്പോൾ കുറ്റത്തിൻ്റെ കുരുക്ക് അപ്പുക്കുട്ടൻ്റെ കഴുത്താലായി. പിന്നെ അപ്പുകുട്ടൻ കാളകളുമായി എത്തുന്നത് മയിൽ സാമിയുടെ താവളത്തിലാണ്. അവിടന്നങ്ങോട്ട് അപ്പുകുട്ടൻ്റെ ജീവിതം മയിൽ സാമിയുടെ ജീവിതമാവുകയാണ്.
'ഞാൻ, നമ്മൾ', ഗ്രാമത്തിലും പട്ടണത്തിലുമായി ജീവിക്കുന്ന എൻ്റെയും നമ്മളുടെയും കഥയാണ്. അന്യം വന്നുകൊണ്ടിരിക്കുന്ന ദൈവ സങ്കല്പത്തെയും വിശ്വാസ വൈരുദ്ധ്യങ്ങളെയും ഈ കഥ എടുത്തു കാണിക്കുന്നു. കാമവും വിപ്ളവവും ആവശ്യത്തിനെടുത്തു പെരുമാറുന്ന കഥയിൽ വിശ്വാസമെന്നത് വെറുമൊരു ആവരണമായി മാറി നിൽക്കുന്നു.

ഇതിൻ്റെ തുടർച്ചയായി കാണാവുന്ന മറ്റൊരു കഥയാണ് ' കണാരൻ്റെ വിധി'. മുതുകത്ത് കത്തി കൊണ്ട് കുത്തിയ പാടുമായി കണാരൻ കഥയിലുടനീളം അന്വേഷിക്കുകയാണ് കുത്തിയ ആളെ! ഇടയ്ക്കിടയ്ക്ക് കണാരൻ്റെ നേർക്ക് ആക്രമണമുണ്ടാവുന്നു. കണാരൻ നിസ്സഹായനാണ്, പക്ഷേ സമൂഹത്തിൽ അവനൊരു മുഴുവൻ സമയ ശത്രുവും. അമ്പലക്കുളത്തിലും ആലിൻ ചുവട്ടിലും കോലായിലും കണാരൻ്റെ കഥ കേട്ടും പറഞ്ഞും ഇരിക്കുകയല്ലാതെ നാം ജനങ്ങൾക്ക് എന്തു ചെയ്യാൻ കഴിയും?
ഓരോ കഥയും ഓരോ ഇതിഹാസ പരിവേഷവുമായി മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ കഥകൾ!

ഈ മുപ്പത്തിമൂന്നു കഥകളെ കുറിച്ച് എന്തു പറയാമെന്നാണെങ്കിൽ --- മലയാളത്തിൻ്റെ ചെറുകഥ എവിടെയെന്നു ചോദിച്ചാൽ കൈ പൊക്കി ചൂണ്ടിക്കാണിക്കാൻ തക്ക ഊറ്റുള്ള, കാമ്പുള്ള മുപ്പത്തി മൂന്നു കഥകളുടെ സമാഹാരം!
മുണ്ടൂർ കൃഷ്ണൻ കുട്ടി അധികം കഥകൾ എഴുതിയിട്ടില്ല. അതിനു മുമ്പ് തന്നെ ആ നക്ഷത്രം പൊലിഞ്ഞു പോയി. അമ്പതോളം കഥകളും

മാതുവിൻ്റെ കൃഷ്ണ തണുപ്പ്, എകാകി, മനസ്സ് എന്ന ഭാരം എന്നീ നോവലുകളുമാണ് കൃഷ്ണൻ കുട്ടിയുടെതായുള്ള കൃതികൾ.

കൃഷ്ണൻ കുട്ടിയുടെ ജനനം, പാലക്കാട് 1935 ജൂലായ് 17ന്, മരണം 2005 ജൂൺ 4 ന്. കേരള സാഹിത്യ അക്കാദമി അവാർഡ്, ചെറുകാട് അവാർഡ്, ഓടക്കുഴൽ അവാർഡ് എന്നിവക്ക് അർഹനായി.

പ്രസാധകർ - ഗ്രീൻ ബുക്സ്
വില - Rs.140/-